**(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)**

**നം.കെ.എസ്.എ-ഐ.ഡി.കെ-9/621/2019**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം

തൊടുപുഴ – 685 584

ഫോൺ : 04862-227332

***ഇ-മെയിൽ : doidk.ksad@kerala.gov.in***

തീയതി. 16.09.2019

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ്**

അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ

**വിഷയം :- അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്**

******************************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **അയ്യപ്പൻകോവിൽ** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ **ഭാഗം 2, 3** എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23. 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

**പകർപ്പ് :**

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് , തിരുവനന്തപുരം(ഇ-മെയിൽ മുഖാന്തിരം).

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി-തൊടുപുഴ.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-ഐ.ഡി.കെ-9/621/2019 തീയതി : 16.09.2019

# ഇടുക്കി ജില്ലയിലെ അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

*************************************

ഇടുക്കി ജില്ലയിലെ **അയ്യപ്പൻകോവിൽ** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് **12.11.2018** മുതൽ **16.06.2019** തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. **12** അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ **10** എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| **ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ** | ശ്രീമതി. ബേബി സന്ധ്യ, ഡെപ്യൂട്ടി ഡയറക്ടർ |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 17.06.2019 മുതൽ 25.06.2019 വരെ |

| | | |
|---|---|---|
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ** | ശ്രീ. റ്റി. എസ്. ധനജയൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ലേഖ വി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജോസഫ് ചാക്കോ | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. അനിറ്റ പി. സാമുവൽ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. എ. എൽ. ബാബു | 01.04.2018 മുതൽ.31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. പി. എൻ. സുരേന്ദ്രൻ നായർ | 01.04.2018 മുതൽ 31.03.2019 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എഞ്ചിനീയർ | ശ്രീമതി. രാജിമോൾ രാജു | 01.04.2018 മുതൽ 20-06-2018 വരെ |
| | ശ്രീമതി. ശ്രീന എസ്. | 21-06-2018 മുതൽ 10-03-2019 വരെ |
| | ശ്രീമതി. അന്ന ആർ. എസ്. | 11-03-2019 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. രശ്മി വിജയൻ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. | ശ്രീമതി. ജോബിഷ ജോസഫ് | 01-04-2018 മുതൽ 22-01-2019 വരെ |
| | ശ്രീ. സുമേഷ് പി. സി. | 23-01-2019 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ബിബിൻ പ്രസാദ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. കുര്യൻ തോമസ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി. ഇന്ദുലേഖ റ്റി. ആർ. | 01-04-2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി. മിനിമോൾ കെ. എൻ. | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | പൊതു അവലോകനം | ഖണ്ഡിക നം. |
|---|---|---|
| 1. | ബജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3. | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4. | സാമ്പത്തിക വിശകലനം | 1-4 |
| 5. | ഫണ്ട് വിനിയോഗം | 1-5 |
| 6. | പദ്ധതി അവലോകനം | 1-6 |
| 7. | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8. | ക്ഷേമ പദ്ധതികൾ | 1-8 |
| 9. | ക്യാഷ് വെരിഫിക്കേഷന് | 1-9 |
| 10. | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12. | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| 13. | ടെണ്ടർ ഫോറം രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 2-1 |
| 14. | വസ്തുനികുതി ഡി.സി.ബി. വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 2-2 |
| 15. | വാടക/ലേലം നല്കാത്തവ സംബന്ധിച്ച് | 2-3 |

| | | |
|---|---|---|
| 16. | മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല | 2-4 |
| 17. | പുല്ലുമേട്-ഇടപ്പളം-ആറേക്കർ കുടിവെള്ള പദ്ധതി – നീക്കം ചെയ്ത പൈപ്പുകൾ കൈമാറിയിട്ടില്ല | 3-1 |
| 18. | അസി. എഞ്ചിനീയർ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 3-2 |
| 19. | വായ്പ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ വരുത്തി സൂക്ഷിച്ചിട്ടില്ല | 3-3 |
| 20. | പട്ടികജാതി/പട്ടികവർഗ്ഗ വീഭാഗങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം അപാകതകൾ | 3-4 |
| 21. | കംപ്യൂട്ടർ വാങ്ങൽ – വാർഷിക ആവശ്യകതാനിർണ്ണയം നടത്തി ഒന്നിച്ച് വാങ്ങിയിട്ടില്ല | 3-5 |
| 22. | ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന വാങ്ങൽ – വിതരണ ഏജൻസി മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല | 3-6 |
| 23. | മരുന്നുകളും ഉപകരണങ്ങളും വാങ്ങിയതിന്റെ രേഖകൾ ലഭ്യമായിട്ടില്ല - ചെലവ് തടസപ്പെടുത്തുന്നു | 3- 7 |
| 24. | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 25. | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 26. | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 27. | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 28. | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 29. | ഓഡിറ്റ് റിക്കവറി | 4-6 |
| 30. | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 31. | സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം കാണിക്കുന്ന പത്രിക | 4-8 |

| | | |
|---|---|---|
| 32. | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 33. | തീർപ്പാക്കുവാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 34. | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം - 1 |


## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 8.3.2018-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.05.2019 | 12.04.2019 | ബാധകമല്ല | ബാധകമല്ല |

### 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 22-05-2019 മുതൽ 23-05-2019 വരെ | കെ.എസ്.എ-ഐ. ഡി. കെ.-3/520/(4)/19തീ.14.08.2019 |

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹85,59,517 |
| വരവ് | ₹6,04,07,325 |
| ആകെ | ₹6,89,66,842 |
| ചെലവ് | ₹5,43,33,082 |

| | |
|---|---|
| നീക്കിയിരിപ്പ് | ₹1,46,33,760 |

## 1-5 ഫണ്ട് വിനിയോഗം

| ഇനം | മുൻബാക്കി ₹ | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| **വികസനഫണ്ട് –**പൊതുവിഭാഗം(**ACR പ്രകാരം**) | 0 | 13636000 | 13636000 | 13093293 | 542707 |
| **വികസനഫണ്ട് –** എസ്.സി.പി. | 0 | 3314000 | 3314000 | 2110178 | 1203822 |
| **വികസനഫണ്ട് –** ടി.എസ്.പി. | 0 | 2370000 | 2370000 | 1783554 | 586446 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6329000 | 6329000 | 6245571 | 83429 |
| **മെയിന്റനൻസ് ഗ്രാന്റ് -** റോഡ് | 0 | 4705000 | 4705000 | 4702512 | 2488 |
| **മെയിന്റനൻസ് ഗ്രാന്റ് -** റോഡിതരം | 0 | 2780000 | 2780000 | 2436687 | 343313 |
| ബി-ഫണ്ട് | 0 | 21842820 | 21842820 | 21842820 | 0 |
| **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്)** | | | | | |
| എൻ.ആർ.ഇ.ജി.എ. | 0 | 33971782 | 33971782 | 33971782 | 0 |
| എൻ.ആർ.ഇ.ജി.എ.(**ഭരണ ചെലവുകൾ**) | 181003 | 372633 | 553636 | 547559 | 6077 |
| കേന്ദ്ര ധനസഹായം - (TSC) | 1324350 | 1980256 | 3304606 | 854350 | 2450256 |
| ഐ.സി.ഡി.എസ്. | 966198 | 479282 | 1445480 | 628131 | 817349 |
| **സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്)** | | | | | |
| സാക്ഷരത | 3429 | 36093 | 39522 | 35696 | 3826 |
| **പ്രത്യേക ഉദ്ദേശ ഗ്രാന്റ്**<br>എസ്.റ്റി. കോർപ്പസ് ഫണ്ട് | 1606000 | 0 | 1606000 | 0 | 1606000 |
| എം.എൽ.എ. ഫണ്ട് | 28356 | 0 | 28356 | 0 | 28356 |
| ശുചിത്വ മിഷൻ | 263485 | 0 | 263485 | 0 | 263485 |

| | | | | | |
|---|---|---|---|---|---|
| ടോട്ടൽ സാനിറ്റേഷൻ | 520057 | 0 | 520057 | 0 | 520057 |
| മറ്റ് ഗ്രാന്റുകൾ | 2950 | 0 | 2950 | 0 | 2950 |
| **കടിവെള്ള പദ്ധതി -** എം.എൽ.എ. ഫണ്ട് | 0 | 374868 | 374868 | 374868 | 0 |
| ഇൻസെന്റീവ് ബോണസ് | 0 | 995857 | 995857 | 995857 | 0 |
| **സംയുക്ത പദ്ധതി -** ജില്ലാപഞ്ചായത്ത് | 0 | 1246905 | 1246905 | 1240000 | 6905 |
| **സംയുക്ത പദ്ധതി -** ബ്ലോക്ക് വിഹിതം | 950000 | 1315555 | 2265555 | 1410788 | 854767 |
| **സംയുക്ത പദ്ധതി -** പാലിയേറ്റീവ് കെയർ | 0 | 550000 | 550000 | 549896 | 104 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 373513 | 6194297 | 6567810 | 6567810 | 0 |
| **തനത് ഫണ്ട് -** ട്രഷറി | 418623 | 10781896 | 11200519 | 6774240 | 4426279 |
| **തനത് ഫണ്ട് -** ബാങ്ക് | 626203 | 13037529 | 13663732 | 7494765 | 6168967 |
| യു.ബി.ഐ. പ്ലാൻ | 1603406 | 0 | 1603406 | 1603406 | 0 |

വാർഷിക കണക്കിൽ ബി-4 ഷെഡ്യൂളിലെ പ്രത്യേക ഉദ്ദേശ ഗ്രാന്റിലെ നീക്കിയിരിപ്പ് ₹16,00,000/-. എന്നാൽ മുൻവർഷ കണക്ക് [2017-18(ബി-4)] പ്രകാരം നീക്കിയിരിപ്പുള്ള ₹16,06,000/-ൽ ചെലവ് വന്നതായി കാണുന്നില്ല. ആയതിനാൽ ₹16,06,000/- നീക്കിയിരിപ്പുള്ളതായി ഉൾപ്പെടുത്തിയിരിക്കുന്നു.

ബ്ലോക്ക്പഞ്ചായത്തിൽ നിന്നും ലഭിച്ച ₹13,15,555/-ൽ ₹11,60,000/- മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. ആയതിനാൽ ബാക്കി തുക ₹1,55,555/- നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നു.

2017-18ൽ ലഭിച്ച ബ്ലോക്ക്പഞ്ചായത്ത് വിഹിതത്തിൽ നീക്കിയിരിപ്പുള്ള ₹6,99,212/- വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് ഉൾപ്പെടുത്തുന്നു.

മുൻവർഷത്തെ തനത് ഫണ്ട് നീക്കിയിരിപ്പായ തനത് ഫണ്ട് യു.ബി.ഐ. ₹6,12,233/- ഇ-പേയ്മെന്റ് ₹13,334/- തനത് ഫണ്ട് എസ്.ബി.ഐ. ₹636/- എന്നിവ ചേർത്ത് തൻവർഷം ₹6,26,203/- മുന്നിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നു.

### 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 131 | 112029747 | 103 | 40225080 | 0 | 0 | 78.62 |

**ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ**

- ഇല്ല -

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 33971782 | 33971782 | 33971782 | 0 |
| ഭരണചെലവുകൾ | 181003 | 372633 | 553636 | 547559 | 6077 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 19320 | 11 |
| കർഷക തൊഴിലാളി പെൻഷൻ | 1382000 | 132 |
| വിധവാപെൻഷൻ | 6478600 | 515 |
| വാർദ്ധക്യകാല പെൻഷൻ | 11495100 | 981 |
| വികലാംഗപെൻഷൻ | 2291800 | 186 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 176000 | 19 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.06.2019-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹4840/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം പൊതുവെ തൃപ്തികരമാണ്. കാര്യക്ഷമമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ട്. നികുതികൾ യഥാസമയം കളക്ട് ചെയ്യുന്നതിൽ ശ്രദ്ധിക്കുന്നുണ്ട്. ഗ്രാമസഭകൾ യഥാവിധി സമ്മേളിക്കുന്നുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കുന്നതായി കാണുന്നില്ല. വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ കെട്ടിടനിർമ്മാണ പെർമിറ്റിന് നൽകിയ വിവരങ്ങൾ പൂർണ്ണമായും ഉൾപ്പെടുത്തുന്നില്ല. ടെന്റർ ഫോം വിതരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഖണ്ഡിക 1-12ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വായ്പ രജിസ്റ്ററിലെ തുകയും വാർഷിക കണക്കിലെ തുകയും പൊരുത്തപ്പെടുന്നില്ല.

### 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17-06-2019 | 5/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.02.2010 മുതൽ 06.03.2010 വരെ | 2008-09 | 08.04.2010 |

### 1-12 വാർഷിക കണക്കിലെ അപാകതകൾ

1) ആർജ്ജിച്ച ആസ്തികളുടെ മൂല്യം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2) സഞ്ചയ പ്രകാരമുള്ള വസ്തുനികുതി ഡി.സി.ബി. തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. കൂടാതെ

. വാർഷിക ധനകാര്യപത്രികയിൽ ഡിമാൻറ് തുകയേക്കാൾ കൂടുതലാണ് കളക്ഷൻ രേഖപ്പെടുത്തിയിരിക്കുന്നത്.

. വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | ഡിമാന്റ് ₹ | കളക്ഷൻ ₹ | ബാലൻസ് ₹ |
|---|---|---|---|
| സഞ്ചയ പ്രകാരം | 2260208 | 2163710 | 0 |
| വാർഷികകണക്ക് പ്രകാരം | 2134002 | 2170770 | 0 |

മുൻവർഷ വാർഷിക ധനവിവര പത്രിക പ്രകാരം വസ്തുനികുതി ഇനത്തിൽ പിരിച്ചെടുക്കാനുള്ള തുകയേക്കാൾ കുറഞ്ഞ തുക മാത്രമാണ് തൻവർഷം പിരിച്ചെടുത്തിരിക്കുന്നത്. എന്നാൽ ബാലൻസ് ഷീറ്റിൽ അസറ്റ് ഭാഗത്ത് പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക ഉൾപ്പെടുത്തിയിട്ടുമില്ല. ആയതിന്റെ വിവരവും താഴെ ചേർക്കുന്നു.

| മുൻവർഷ വാർഷികധനവിവരപത്രിക പ്രകാരം | തൻവർഷ വാർഷികധനവിവരപത്രിക | വ്യത്യാസം |
|---|---|---|

| ബാലൻഷീറ്റിൽ പിരിക്കാനുള്ള തുക ₹ | പ്രകാരം കളക്ഷൻ തുക ₹ | ₹ |
|---|---|---|
| 178311 | 152690 | 25621 |

3) ബാലൻസ് ഷീറ്റിലെ B-5 ഷെഡ്യൂൾ പ്രകാരം ഇ.എം.എസ്. വായ്പ തിരിച്ചടയ്ക്കുവാനവശേഷിക്കുന്നത് ₹10,65,000/- . ആകുന്നു. എന്നാൽ വായ്പ രജിസ്റ്ററിൽ ഇത് ₹10,82,500/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

4) പാലിയേറ്റീവ് കെയർ (82/2018) പദ്ധതിയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന ₹104/- ബാലൻസ് ഷീറ്റിൽ . ഉൾപ്പെടുത്തിയിട്ടില്ല.

5) പ്ലസ് വൺ മുതൽ പഠിക്കുന്ന പെൺകുട്ടികൾക്ക് പഠനമുറി (123/18) എന്ന പദ്ധതിയിൽ ₹6,99,212/- . ചെലവഴിക്കാതെ നീക്കിയിരിപ്പുള്ളതായി ഓഡിറ്റ് എൻക്വയറി നം.1(തീ.19.06.2019)ന് നൽകിയ മറുപടിയിൽ . അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

6) വസ്തുനികുതി കുടിശ്ശികകൾക്ക് ബി-15(എ)യിൽ പ്രൊവിഷൻ നൽകിയിട്ടില്ല.

7) 2017-18 വർഷത്തെ ബാലൻസ് ഷീറ്റിലുള്ള (ബി-4) താഴെ പറയുന്ന തുകകൾക്ക് 2018-19ൽ ചെലവ് . വന്നിട്ടില്ലെങ്കിലും 2018-19ലെ നീക്കിയിരിപ്പായി ആയത് ഉൾപ്പെട്ടിട്ടില്ല.

വിശദ വിവരം ചുവടെ ചേർക്കുന്നു.

<u>2017-18ലെ ബി-4 ഷെഡ്യൂളിലെ തുകകൾ</u>

| ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | തുക ₹ | |
|---|---|---|---|
| | | 2017-18ലെ നീക്കിയിരിപ്പ് | 2018-19ലെ നീക്കിയിരിപ്പ് |
| 320200316 | എം.എൽ.എ. ഫണ്ട് | 28356 | 0 |
| 320200322 | ശുചിത്വ മിഷൻ | 263485 | 0 |
| 320300103 | ടോട്ടൽ സാനിട്ടേഷൻ | 520057 | 0 |
| 320300199 | മറ്റ് ഗ്രാന്റുകൾ | 2950 | 0 |
| 320300399 | സംസ്ഥാന ഗ്രാന്റ് | 1606000 | 1606000 |

ചെലവഴിക്കാതെ അവശേഷിച്ച മുൻവർഷങ്ങളിലെ തുകകൾ ജേർണൽ എൻട്രി വഴി ക്രമീകരിച്ചതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇങ്ങനെ ക്രമീകരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| 8). | സംയുക്ത പദ്ധതിക്കായി ലഭിച്ച ₹13,15,555/-ൽ ₹11,60,000/- മാത്രമാണ് തൻവർഷം ചെലവ് വന്നിട്ടുള്ളത്. ബാക്കി തുക ₹1,55,555/- ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. |

| | |
|---|---|
| 9). | 2017-18ൽ ബ്ലോക്ക്പഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച തുകയിൽ ചെലവഴിക്കാതെ ബാക്കിനിൽക്കുന്ന ₹6,99,212/- വാർഷിക കണക്കിൽ നീക്കിയിരിപ്പായി കാണിച്ചിട്ടില്ല. |

## ഭാഗം -2
## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ടെണ്ടർ ഫോറം രജിസ്റ്റർ സൂക്ഷിക്കുന്നില്ല

തൻവർഷം ടെണ്ടർഫോറം വിൽപ്പന ഇനത്തിൽ വാർഷിക ധനവിവര പത്രിക പ്രകാരം ₹1,07,393/- വരവുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഇതുസംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ലെഡ്ജർ പരിശോധിച്ചതിൽ ഭൂരിഭാഗം എണ്ണത്തിലും ഇനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്താതെ 'ക്യാഷ് 'എന്ന് മാത്രം രേഖപ്പെടുത്തി തുക ഉൾപ്പെടുത്തുന്നു. കൂടാതെ ടെണ്ടർഫോറങ്ങളിൽ കൂടുതൽ എണ്ണത്തിലും തുകയോ രസീത് നമ്പരോ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വിൽപ്പന നടത്തുന്ന എല്ലാ ടെണ്ടർ ഫോമുകളുടെയും വരവ് തുക കണക്കിൽ ഉൾപ്പെടുത്തുന്നുണ്ട് എന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല. ഉദാഹരണത്തിന് പട്ടികജാതി വിഭാഗത്തിനും പട്ടികവർഗ്ഗ വിഭാഗത്തിനും വാട്ടർ ടാങ്ക് വിതരണത്തിനായി 72/19, 73/19 എന്നീ രണ്ട് പദ്ധതികൾക്കായി ഫയൽ പ്രകാരം 6 ടെണ്ടറുകൾ ലഭിച്ചിരിക്കുന്നു. എന്നാൽ 4 ടെണ്ടറുകൾ വിൽപ്പന നടത്തിയതിന്റെ വിവരം മാത്രമാണ് ലെഡ്ജറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം നം. 9/24.06.2019 നൽകിയെങ്കിലും മറുപടിയിൽ ടെണ്ടർ ഫോറം വിൽപ്പന രജിസ്റ്റർ സൂക്ഷിക്കാത്തതുസംബന്ധിച്ച മറുപടി ലഭ്യമാക്കിയില്ല. എന്നാൽ ലെഡ്ജറിൽ വിവരങ്ങൾ പൂർണ്ണമായി ഉൾപ്പെടുത്താൻ വിട്ടുപോയിട്ടുള്ളതാണെന്നും മുകളിൽ സൂചിപ്പിച്ച രണ്ട് ടെണ്ടർ ഫോറങ്ങളുടെ കുറവിന് കാരണം പ്രസ്തുത സ്ഥാപനത്തിന് ഫോറവില ഒഴിവാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് ഉള്ളതാണ് എന്നുമുള്ള മറുപടി ഭാഗികമായി അംഗീകരിക്കുന്നു. തുടർന്ന് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നതിനും ലെഡ്ജറിൽ വിവരങ്ങൾ വിശദമായി രേഖപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

### 2-2 വസ്തുനികുതി ഡി.സി.ബി വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

മുൻവർഷ വാർഷിക ധനവിവര പത്രിക പ്രകാരം വസ്തുനികുതി ഇനത്തിൽ പിരിച്ചെടുക്കാനുള്ള തുകയേക്കാൾ കുറഞ്ഞ തുക മാത്രമാണ് തൻവർഷം പിരിച്ചെടുത്തിരിക്കുന്നത്. എന്നാൽ ബാലൻസ് ഷീറ്റിൽ അസറ്റ് ഭാഗത്ത് പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക ഉൾപ്പെടുത്തിയിട്ടുമില്ല. ആയതിന്റെ വിവരവും താഴെ ചേർക്കുന്നു.

| മുൻവർഷ വാർഷിക ധനവിവര പത്രിക പ്രകാരം ബാലൻസ് ഷീറ്റിൽ പിരിക്കാനുള്ള തുക ₹ | തൻവർഷ വാർഷികധനവിവരപത്രിക പ്രകാരം കളക്ഷൻ തുക ₹ | വ്യത്യാസം ₹ |
|---|---|---|
| 178311 | 152690 | 25621 |

വസ്തുനികുതിയുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയറായ 'സഞ്ചയ' പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. കൂടാതെ വാർഷിക ധനകാര്യപത്രികയിൽ ഡിമാൻറ് തുകയേക്കാൾ കൂടുതൽ തുക കറന്റ് കളക്ഷൻ രേഖപ്പെടുത്തിയിരിക്കുന്നു. അധികമായി പിരിച്ചതുക ബാലൻസ് ഷീറ്റിൽ അഡ്വാൻസ് കളക്ഷൻ എന്ന ലയബിലിറ്റി ഹെഡിൽ ഉൾപ്പെടുത്തിയിട്ടുമില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് ₹ | കളക്ഷൻ ₹ | ബാലൻസ് ₹ |
|---|---|---|---|
| സഞ്ചയ പ്രകാരം | 2260208 | 2163710 | 0 |
| വാർഷിക കണക്ക് പ്രകാരം | 2134002 | 2170770 | 0 |

കൂടാതെ, വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷത്തെ വസ്തുനികുതി ഡിമാന്റിൽ മുൻവർഷത്തേക്കാൾ ₹22,933/- കുറവാണ്. ആയതിന് ഉപോദ്ബലകമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-3 വാടക/ലേലം നടത്താത്തത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന ഇനങ്ങൾ തൻവർഷം വാടക/ലേലം ചെയ്ത് നല്കിയിട്ടില്ല.

1) ആയുർവ്വേദ ആശുപത്രി താഴത്തെ നില മുറി നം. 2
2) മാട്ടൂക്കട്ട – മാർക്കറ്റ് പഴയ കെട്ടിടം
3) മാംസ സ്റ്റാൾ പരപ്പ്, ചപ്പാത്ത്
4) മാട്ടൂക്കട്ട – മാർക്കറ്റ് വാഹനപാർക്കിംഗ്
5) അയ്യരുപാറ, സുൽത്താനിയ, പുല്ലുമേട് മാംസവ്യാപാരം
6) ഷോപ്പിംഗ് കോംപ്ലക്സ് മുറി നം. 1, 2, 3
7) കൃഷിഭവൻ മുറി നം. 1, 2, 3

ഗ്രാമപഞ്ചായത്തിന്റെ നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ കാര്യക്ഷമമായും സുതാര്യമായും നിർവ്വഹിക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല. സഞ്ചയ സോഫ്ററ് വെയറിൽ പ്രസ്തുത ടവറുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല.

1) ATC Telecom tower corporation Pvt. Ltd. Door No. 10/429/1 ward 10.
2) Tata Tele Service Ltd. Door No. 13/324/1 ward 13.

ടവറുകളുടെ നികുതി നിർണ്ണയിച്ച് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പുല്ല് മേട് ഇടപ്പളം ആറേക്കർ കുടിവെള്ള പദ്ധതി -നീക്കം ചെയ്ത പൈപ്പുകൾ കൈമാറിയിട്ടില്ല.

| | |
|---|---|
| **പ്രോജക്റ്റ് നം.** | 65/19 |
| **കരാറുകാരൻ** | ജേക്കബ് അബ്രഹാം |
| **അടങ്കൽ** | ₹2,00,000/- |
| **ബിൽ നം.** | 39/2019 ₹1,93,665/- |
| **നിർവ്വഹണം** | അസി. എഞ്ചിനീയർ |

പുല്ലുമേട് ഇടപ്പളം ആറേക്കർ കുടിവെള്ള പദ്ധതി യിൽ ഇനം 2 പ്രകാരം 180 മീറ്റർ 40mm ജി. ഐ. പൈപ്പ് നീക്കം ചെയ്ത് പുതിയ പൈപ്പ് സ്ഥാപിക്കുകയും ഇനം 1 പ്രകാരം 600 മീറ്റർ 25mm ജി. ഐ. പൈപ്പ് സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ നീക്കം ചെയ്ത പൈപ്പുകൾ കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ ആയത് കൈപ്പറ്റി സെക്രട്ടറിക്ക് കൈമാറിയതിന് ശേഷമായിരുന്നു കരാറുകാരന് പണം അനുവദിക്കേണ്ടിയിരുന്നത്. നീക്കം ചെയ്ത പൈപ്പുകൾ വിൽപ്പന നടത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല. ഇതുസംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.12/25.06.2019ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ₹1,93,665/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 3-2 അസി എഞ്ചിനീയർ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

അസി. എഞ്ചിനീയർ മരാമത്ത് പ്രവൃത്തികളുടെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് തയ്യാറാക്കി സൂക്ഷിക്കേണ്ട താഴെപ്പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1. ദർഘാസ് ഫോറങ്ങളുടെ രജിസ്റ്റർ

2. ദർഘാസ് രജിസ്റ്റർ.

3. റോഡ് രജിസ്റ്റർ.

4. ഇ. എം. ഡി. രജിസ്റ്റർ.

5. പെർഫോമൻസ് ഗ്യാരന്റി രജിസ്റ്റർ.

6. അടങ്കൽ അനുമതി രജിസ്റ്റർ.

ടി രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

### 3-3 വായ്പ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ വരുത്തി സൂക്ഷിച്ചിട്ടില്ല

സ.ഉ(സാ)നം.510/2010/ത.സ്വ.ഭ.വ/തീ.17.02.2010 ജില്ലാ സഹകരണബാങ്ക് ഉപ്പുതറ ബ്രാഞ്ചിൽ നിന്നും ₹1,09,00,000/- വായ്പ എടുക്കുന്നതിന് അനുമതി ലഭിച്ചിരുന്നു. 29.03.2010ൽ പഞ്ചായത്ത് ജില്ലാസഹകരണ ബാങ്കുമായി എഗ്രിമെന്റ് വെച്ച് ₹1,08,92,500/- വായ്പ എടുത്തിരുന്നു. നാളിതുവരെ ഗ്രാമപഞ്ചായത്ത് പദ്ധതി വിഹിതത്തിൽ നിന്നും ₹98,10,000/- അടവാക്കിയിട്ടുണ്ട്. വായ്പ രജിസ്റ്റർ പ്രകാരം അടവാക്കാൻ ബാക്കി നിൽക്കുന്ന തുക ₹10,82,500/-യാണ്. എന്നാൽ ₹10,65,000/-യാണ്. ബി-5, ബി-16 ഷെഡ്യൂളുകളിൽ ഇ.എം.എസ്. വായ്പയിനത്തിലെ ബാദ്ധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നത്. വായ്പ രജിസ്റ്ററിലും വാർഷിക കണക്കിലും കൃത്യമായ തുക നീക്കിയിരിപ്പ് രേഖപ്പെടുത്തുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

### 3-4 പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം അപാകതകൾ

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം പദ്ധതിക്കായി ചുവടെ ചേർത്തിരിക്കുന്ന രീതിയിൽ തുക വിനിയോഗിച്ചിട്ടുണ്ട്.

| പ്രോജക്ട് നം. | ബിൽ നം. | തുക ₹ |
|---|---|---|
| **പട്ടികജാതി വിഭാഗങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം – 72/19** | 16/09.02.2019 | ₹68,572/- |
| | 32/22.03.2019 | ₹72,996/- |
| | 40/28.03.2019 | ₹11,070/- |
| | 41/28.03.2019 | ₹22,140/- |
| | **ആകെ** | **₹1,74,778/-** |
| **പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം – 73/19** | 26/22.02.2019 | ₹1,01,752/- |
| | 31/21.03.2019 | ₹46,452/- |
| | **ആകെ** | **₹1,48,204/-** |

ഗുണഭോക്തൃവിഹിതം രണ്ട് പദ്ധതികൾക്കായി ചെലവഴിച്ചതിന്റെ വിവരം ചേർക്കുന്നു.

| | | |
|---|---|---|
| **ചെ. നം.** | 91417/02.02.2019<br>91505/29.03.2019 | ₹56,828/-<br>₹53,870/- |
| **ബിൽ നം.** | 26/22.02.2019<br>31/21.03.2019 | ₹1,01,752/-<br>₹46,452/- |

മേൽ പദ്ധതികൾ പ്രകാരം ടെണ്ടർ നടപടികളിലൂടെ ₹2950/- നിരക്കിൽ 500 ലിറ്റർ കപ്പാസിറ്റിയുള്ള 83 ടാങ്കുകൾ പട്ടികജാതി വിഭാഗത്തിലും 67 വാട്ടർ ടാങ്കുകൾ പട്ടികവർഗ്ഗ വിഭാഗത്തിലും വിതരണം നടത്തിയിരിക്കുന്നു. ആയതിൽ തൻവർഷം ചെലവഴിച്ച തുകയുടെ വിവരങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അവശേഷിച്ച തുക ₹8,820/- നൽകുന്നതിനായി ബിൽ സമർപ്പിച്ചിരുന്നു. എങ്കിലും Queue Bill ഉൾപ്പെട്ടതിനാൽ മാറി നൽകിയിട്ടില്ല.

പദ്ധതികളുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകത കാണുന്നു.

പ്രോജക്ട് പ്രകാരവും ക്വട്ടേഷൻ നോട്ടിസ് പ്രകാരവും ടെണ്ടർ ഉറപ്പിച്ച് വിതരണം നടത്തുന്നതിന് നൽകിയ നോട്ടീസ് പ്രകാരവും 500 ലിറ്റർ കപ്പാസിറ്റിയുള്ള 3 ലെയറുള്ള is/ISO certified, vergin food grade, unbreakable, HD quality ടാങ്കുകളാണ് വിതരണം നടത്തേണ്ടത്. ടെണ്ടർ പ്രകാരം കെ. രാജശേഖരൻ, പൊന്നാറത്ത് ഏജൻസീസ്, കായംകുളം ആണ് വിതരണം നടത്തിയിരിക്കുന്നത്. എന്നാൽ സമർപ്പിച്ച ടെണ്ടറിൽ HD qualityയോ LD qualityയോ ഉള്ളതായി രേഖപ്പെടുത്തിയിട്ടില്ല. എന്നിട്ടും അംഗീകാരം നൽകിയിരിക്കുന്നു. വിതരണം നടത്തിയ ബില്ല് പ്രകാരവും HD quality ടാങ്കുകളല്ല നൽകിയിരിക്കുന്നത്. ടെണ്ടർ നോട്ടീസിൽ ആവശ്യപ്പെട്ടതിൽ നിന്നും വ്യത്യസ്തമായ ഇനം വാങ്ങിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 4/21.06.2019ന് മറുപടിയിൽ ലഭ്യമാക്കിയത് LD quality ടാങ്കുകളാണ് എന്നും ആയത് HD quality-യേക്കാൾ നിലവാരം കൂടിയതാണ് എന്നും രേഖപ്പെടുത്തിയിരിക്കുന്നു. മേൽ മറുപടിക്ക് യാതൊരു ആധികാരികതയും ഇല്ലാത്തതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ ഈ രണ്ട് പദ്ധതികളിലുമായി ആകെ ചെലവ് ചെയ്ത ₹4,33,680/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 3-5 കംപ്യൂട്ടർ വാങ്ങൽ -വാർഷിക ആവശ്യകതാനിർണ്ണയം നടത്തി ഒന്നിച്ച് വാങ്ങിയിട്ടില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി) നം.259/2010/ത.സ്വ.ഭ.വ/തീ.08.11.2010ലെ നിർദ്ദേശത്തിൽ ഓഫീസ് ഉപകരണങ്ങൾ, ഫർണീച്ചർ എന്നിവ വാർഷിക ആവശ്യം മുൻ നിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങുകയെന്നാണ്. എന്നാൽ ഇപ്രകാരമല്ല ഗ്രാമപഞ്ചായത്തിൽ കമ്പ്യൂട്ടർ വാങ്ങൽ നടത്തിയിട്ടുള്ളത്. പഞ്ചായത്താഫീസിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം മൈക്രോമീഡിയ കട്ടപ്പന എന്ന സ്ഥാപനത്തിൽ നിന്നും ഡെസ്ക്ക് ടോപ്പ് ₹45,000/- നിരക്കിൽ 2 ഡെസ്ക്ക് ടോപ്പും പ്രിന്ററിന് ₹13,500/- നിരക്കിൽ 3 പ്രിന്ററും വാങ്ങിയിട്ടുള്ളത് (ബിൽ നം. 24/18-19, തീ. 12.12.2018, ₹1,99,000/-). അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം ഓർക്കിഡ് കമ്പ്യൂട്ടേഴ്സ് മുണ്ടക്കയം എന്ന സ്ഥാപനത്തിൽ നിന്നും മുമ്പ് വാങ്ങിയ അതേ സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടറും പ്രിന്ററും ₹39,500/- ₹12,900/- എന്നീ നിരക്കുകളിലാണ് വാങ്ങിയത് (ബിൽ നം. 30/18-19, തീ. 19.02.2018, ₹52,400/-). എന്നാൽ ഈ വാങ്ങൽ പ്രോജക്ടുകൾ ഒന്നിച്ച് നടത്തിയിരുന്നുവെങ്കിൽ ₹12,800/-(5500x2+600x3) പദ്ധതി വിഹിതത്തിൽ നിന്നും അധികം ചെലവഴിച്ചത് ഒഴിവാക്കാമായിരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാധനങ്ങൾ സമാഹരിക്കുമ്പോഴുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 4) മറുപടി നൽകിയത് അസി. എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ എന്ന പ്രവൃത്തി നടത്തിയത് സാമ്പത്തിക വർഷത്തിന്റെ അവസാനം വിവിധ പ്രോജക്ടുകളുടെ ടെണ്ടർ സേവിംഗ്സ് വരികയും റിവിഷന് പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് അനുമതി

ലഭിക്കുകയും ചെയ്തത് കൊണ്ടാണെന്നും അറിയിച്ചിരുന്നു. വാങ്ങൽ പ്രോജക്ടുകൾ നടത്തുമ്പോൾ തുടർ വർഷങ്ങളിൽ വാർഷിക ആവശ്യകത നിർണ്ണയം നടത്തി ഒരുമിച്ച് സമാഹരിയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 3-6 ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ -വിതരണ ഏജൻസി മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് തൻവർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഹോമിയോ ആശുപത്രിയ്ക്ക് മരുന്നുകൾ വാങ്ങുന്നതിനായി ഹോംകോയ്ക്ക് തുക കൈമാറിയെങ്കിലും നാളിതുവരെ പ്രസ്തുത മരുന്നുകൾ ലഭിച്ചിട്ടില്ല. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | നിർവ്വഹണ ഏജൻസി | കൈമാറിയ തുക ₹ | കൈമാറ്റ വിശദാംശങ്ങൾ | വിതരണം ചെയ്ത മരുന്നുകളുടെ മൂല്യം | ക്രമീകരിയ്ക്കാൻ അവശേഷിക്കുന്ന തുക ₹ |
|---|---|---|---|---|---|
| S0012/19 | ഹോംകോ | 100,000 | ബിൽ നം.10/18-19 തീ.10.07.2018 | --- | 100,000 |

ഇൻവോയ്സിൽ ആവശ്യപ്പെട്ടിരുന്ന മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 3- 7 മരുന്നുകളും ഉപകരണങ്ങളും വാങ്ങിയതിന്റെ രേഖകൾ ലഭ്യമായിട്ടില്ല - ചെലവ് തടസപ്പെടുത്തുന്നു

ചുവടെ ചേർത്തിരിക്കുന്ന പ്രോജക്ടുകൾ പ്രകാരം പി.എച്ച്.സി. മെഡിക്കൽ ഓഫീസർ മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് ലഭിച്ചതിന്റെ രേഖകൾ ലഭ്യമായിട്ടില്ല.

വിശദ വിവരം ചുവടെ ചേർക്കുന്നു.

1) പി.എച്ച്.സി.-ക്ക് മരുന്നുവാങ്ങൽ (83/19)

| ബിൽ നം./ഡി.ഡി. വിവരം | | തുക ₹ |
|---|---|---|
| 1) | 4/18-19/19-02-2019 | 421216 |
| 2) | 9/18-19/21-03-2019 | 73500 |
| 3) | 10/18-19/28-03-2019 | 5100 |
| | ആകെ | 499816 |

| | | |
|---|---|---|
| | | |

2) പാലിയേറ്റിവ് കെയർ – മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ (82/19)

| ബിൽ നം./ഡിഡി നം. | | തുക ₹ |
|---|---|---|
| 1) | **ബിൽ നം.** 2/18-19/10-01-2019 | ₹2,16,349/- |
| 2) | **ഡി.ഡി. നം.** 51624/06-04-2019 | ₹3,39,646/- |
| 3) | **ഡി.ഡി. നം.** 51625/06-04-2019 (മരുന്നുകൾ) | ₹12,000/- |
| 4) | **ഡി.ഡി. നം.** 51626/06-04-2019 (മരുന്നുകൾ) | ₹1,60,000/- |
| | **ആകെ** | ₹7,27,995/- |

മേൽ പ്രോജക്ടുകൾ പ്രകാരം മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് തുക നൽകിയിട്ടുണ്ടെങ്കിലും ആയവ ലഭ്യമായതിന്റെയോ സ്റ്റോക്കിലെടുത്തതിന്റെയോ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ ₹12,27,811/- (499816+727995) ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2018-19 | 500000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (94/18) | 500000 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 1246905 | ലൈഫ് ഭവന പദ്ധതി വിഹിതം (87/18) | 1240000 | 6905 |
| ബ്ലോക്ക്ഞ്ചായത്ത് | 2018-19 | 550000 | പാലിയേറ്റീവ് കെയർ (82/2018) | 549896 | 104 |

| | | | | | |
|---|---|---|---|---|---|
| | | | | | * |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 689800 | ലൈഫ് ഭവന പദ്ധതി വിഹിതം (87/18) | 560000 | 129800 * |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 125755 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നകുട്ടികൾക്ക് സ്കോളർഷിപ്പ് (92/18) | 100000 | 25755 * |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 950000 | പ്ലസ് വൺ മുതൽ പഠിക്കുന്ന പെൺകുട്ടികൾക്ക് പഠനമുറി (123/18) | 150000 (2017-18) 100788 (2018-19) | 699212 * |

* *ഈ തുകകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.*

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. ഉപ്പുതറ | ചെന്നിനായ്ക്കൻകുടി ജലസേചന പദ്ധതി വൈദ്യുതീകരണം (121/19) | 29/18-19/ 30.01.2019 | 161365 | 161365 | 0 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

- ഇല്ല -

### 4-4 വായ്പ/വായ്പ തിരിച്ചടവ്

തൻവർഷത്തെ വായ്പ/വായ്പ തിരിച്ചടച്ചവ് വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന തുക എന്നിവയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (ഹഡ്കോ ലോൺ) | സ.ഉ. (എം.എസ്) 151/2017/ തസ്വഭവ/ 31.07.2017 | 6936957 | 6936957 | 0 | 0 | 6936957 |
| ഇ.എം.എസ് | സ.ഉ.(സാധാ) 510/2010/ തസ്വഭവ/17210 | 10900000 | 2172500 | 1090000 | - | 1082500 * (രജിസ്റ്റർ പ്രകാരം) |

* വാർഷിക ധനകാര്യ പത്രിക പ്രകാരം ഇത് ₹10,65,000/- എന്നാണ്.

### 4-5 സ്ഥിര നിക്ഷേപങ്ങൾ

- ഇല്ല -

### 4-6 ഓഡിറ്റ് റിക്കവറി

- ഇല്ല -

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 39 | 1999-2000 | - | ചെറുകിട ജലസേചന പദ്ധതിയിൽ വ്യാജമായി ഗുണഭോക്താക്കളെ | |

| | | | | | |
|---|---|---|---|---|---|
| | | | | ചേർത്തു | |
| 1997-98 | 40 | 1999-2000 | - | പുതിയ വ്യവസായ യൂണിറ്റിനുള്ള ധനസഹായം അധികം നൽകി | |

## 4-8 സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം കാണിക്കുന്ന പത്രിക

(എ) ചാർജ് നടപടികളുടെ വിവരം

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക ₹ (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 1997-98 | 27 ബി | സുകുമാരൻ നായർ സെക്രട്ടറി | LF.1461/ SplCell/ SC2/01/ dt.14.09.2001 ₹500 | | | | | | | 500 | |
| 2 | | 28 | സുകുമാരൻ നായർ സെക്രട്ടറി | LF.1461/ SplCell/ SC2/01/ dt.14.09.2001 ₹1443 | | | | | | | 1443 | |

(ബി) സർചാർജ് നടപടികളുടെ വിവരം

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക ₹ (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 1997-98 | 32 | സുകുമാരൻ നായർ സെക്രട്ടറി | LF-14614/ Spl.Cell/ SC2/2001 dated-14.09.2001 | | ₹566/- രസീത് നം 26/41/ 13.02.2001 | | | | ₹566 | 0 | |
| 2 | 1998-99 | 29 | ശ്രീ. പി.എ.ജോൺ , കൃഷി ഓഫീസർ. | LF-13233/ Spl.Cell/ CSC/C1/2002 dtd.24.02.2003 ₹13049 | | | | | | | ₹13049 | |
| 3 | 1999-00 | 28 | ശ്രീ.പി.സി.ചാക്കോ, അസി.എഞ്ചിനിയർ | LF-19010/ Spl.Cell/ | | 3870- രസീത് നം.60/ | | | | 3870 | 0 | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | SC2/2002 dtd-16.12.2002 ₹3870- | 25728/ 23/08/2006 | | | | | |
| 4 | 1999-2000 | 29 | ശ്രീമതി. ലൌലി അഗസ്റ്റിൻ കൃഷി ഓഫീസർ | LF-19010/ Spl.Cell/ SC2/2002 dtd-16.12.2002 ₹5220 | | | | | 5220 | |
| 5 | 2000-01 | 24 | ശ്രീമതി.ലൗലി അഗസ്റ്റിൻ, കൃഷി ഓഫിസർ | LF-12366/ Spl.Cell/ CSC/C1/2003 dated12.01.2004 | രസീത് നം. 69/25728 തിയതി- 24.08.06 ₹5000 | | | 5000 | 0 | |
| 6 | 2001-02 | 3 | ശ്രീ. സി. എം. പോൾ സെക്രട്ടറി | LF-2314/ Spl.Cell/ SC/2006 dated-16.03.2006 | രസീത് നം.18/ 5728 തിയതി. 04.09.2006- ₹1861 | | | 1861 | 0 | |
| 7 | 2006-07 | 3-14 | എൻ. രാജീവ് കൃഷി ഓഫിസർ | LF-15684/ Spl.Cell/ CSC/C1/2011 dated-10.06.2013 ₹25000 | | | | | ₹25000 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹6,04,07,325 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹5,43,33,082 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹18,55,156 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| - ഇല്ല - | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 193665 | ശ്രീമതി. ശ്രീന എസ്., അസി. എഞ്ചിനീയർ |
| 3-4 | 433680 | ശ്രീമതി. ജോബിഷ ജോസഫ്, വി.ഇ.ഒ. |
| 3-7 | 1227811 | ഡോ. ബിബിൻ പ്രസാദ് മെഡിക്കൽ, ഓഫീസർ പി.എച്ച്.സി. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ശ്രീന എസ്,<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ<br>എൽ.എസ്.ജി.ഡി. സെക്ഷൻ<br>ചക്കുപള്ളം | കറ്റുങ്കൽ പറമ്പിൽ<br>ഗാന്ധിനഗർ,<br>കട്ടപ്പന സൗത്ത് പി. ഒ. |
| ശ്രീമതി. ജോബിഷ ജോസഫ്<br>വി.ഇ.ഒ | വി.ഇ.ഒ. | മാടവന വീട്, മണിപ്പാറ<br>കരിമ്പൻ, ഇടുക്കി ജില്ല |
| ഡോ. ബിബിൻ പ്രസാദ്<br>മെഡിക്കൽ ഓഫീസർ<br>പി.എച്ച്. സി. | മെഡിക്കൽ ഓഫീസർ<br>അയ്യപ്പൻകോവിൽ പി.എച്ച്.സി. | കുന്നത്ത്<br>കരുവാറ്റൂർ പി. ഒ.<br>കോഴിക്കോട് |

## 4-10 തീർപ്പാക്കുവാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക നമ്പർ |
|---|---|---|---|
| 1978-1979 | എൽ.എഫ്.ഐ.5-366/87/21.01.97 | | |
| 1979-1980 | എൽ.എഫ്.ഐ.5-366/87/21.01.97 | | |
| 1980-1981 | എൽ.എഫ്.ഐ.5-366/87/21.01.97 | | |
| 1981-1982 | എൽ.എഫ്.ഐ.5-366/87/21.01.97 | | |
| 1982-1983 | എൽ.എഫ്.ഐ.5-366/87/21.01.97 | | |
| 1983-1984 | എൽ.എഫ്.ഐ.5-965/90/21.01.97 | | |
| 1984-1985 | എൽ.എഫ്.ഐ.5-939/90/21.01.97 | | |
| 1985-1986 | എൽ.എഫ്.ഐ.5-938/90/21.01.97 | | |
| 1986-1987 | എൽ.എഫ്.ഐ.5-540/91/21.01.97 | | |
| 1987-1988 | എൽ.എഫ്.ഐ.5-3/91/21.01.97. | | |
| 1988-1989<br>1989-1990 | എൽ.എഫ്.ഐ.5-55/93/21.01.97 | | |
| 1990-1991<br>1991-1992 | എൽ.എഫ്.ഐ.5-602/94/15.11.95 | | |
| 1992-1993<br>1993-1994 | എൽ.എഫ്.ഐ.5-362/96/13.02.1996 | | |

| | | | |
|---|---|---|---|
| 1997-1998 | കെ.എസ്.എ.ഐ.ഡി.കെ-9-657/2018/19.05.2018 | 4 | ഖ.27 (ബി), 28, 39, 40 |
| 1998-1999 | കെ.എസ്.എ.ഐ.ഡി.കെ-9-657/2018/19.05.2018 | 1 | 29 |
| 1999-2000 | കെ.എസ്.എ.ഐ.ഡി.കെ-9-657/2018/19.05.2018 | 1 | 29 |
| 2004-2005 | കെ.എസ്.എ.ഐ.ഡി.കെ-9-657/2018/19.05.2018 | 2 | 3-6,3-7 |
| 2005-2006 | കെ.എസ്.എ.ഐ.ഡി.കെ-9-657/2018/19.05.2018 | 1 | 3-5 |
| 2006-2007 | എൽ.എഫ്.ഐ.9-831/18 തീ.28.02.2018 | 18 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-5, 3-7, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 4-3 |
| 2007-2008 | എൽ.എഫ്.ഐ-9/1218/11തീ.19.03.12 | 17 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 4-3, 4-6 |
| 2008-2009 | എൽ.എഫ്.ഐ.9-1085/16 തീ.01.09.2016 | 14 | 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 4-3 |
| 2009-2010 | എൽ.എഫ്.ഐ.9-366/17 തീ.21.04.2017 | 7 | 1-1, 1-2, 2-1(1), (2), 3-3, 3-5, 4-3, 4-6 |
| 2010-2011 | എൽ.എഫ്.ഐ.9-1426/7 തീ.10.10.2017 | 5 | 2-1, 2-2, 2-4, 3-4, 3-9 |
| 2011-2012<br>2012-2013 | എൽ.എഫ്.ഐ.9-789/16 തീ.29.11.2017 | 6 | 2-1, 3-1, 3-2, 3-3, 3-6, 3-8 |
| 2013-14<br>2014-15 | കെ.എസ്.എ.എെ.ഡി.കെ-9/40/16/29.11.2017 | 9 | 2-1, 3-1, 3-3, 3-5, 3-6, 3-8, 3-10, 3-12, 4-9 |
| 2015-16 | കെ.എസ്.എ.എെ.ഡി.കെ-9/577/17 തീ. 20.06.2017 | 8 | 1-12, 2-1, 2-2, 3-1, 3-3, 3-4, 3-6, 4-9 |
| 2016-17 | കെ.എസ്.എ.എെ.ഡി.കെ-9/21/18/28.02.2018 | 7 | 1-12, 2-1, 3-1, 3-2, 3-3, 3-4, 4-9 |
| 2017-18 | കെ.എസ്.എ.എെ.ഡി.കെ-9/1312/18/20.12.2018 | 14 | 1-10, 1-12, 2-1, 2-2, 2-3, |

| | | | |
|---|---|---|---|
| | | | 2-4, 3-1, 3-4, 3-8,<br>3-9, 3-10, 3-11, 3-12, 4-1 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

**അനുബന്ധം – 1**

**ഓഡിറ്റ് സാക്ഷ്യപത്രം**

**നം.കെ.എസ്.എ-ഐ.ഡി.കെ-14/621/2019**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ – 685 584
ഫോൺ : 04862-227332
***ഇ-മെയിൽ : doidk.ksad@kerala.gov.in***
തീയതി. 16.09.2019

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഇടുക്കി ജില്ലയിലെ **അയ്യപ്പൻകോവിൽ** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ **2018-19**ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

ഇടുക്കി